# കേരള സർവകലാശാല

നം.പി.ആർ.279/2019 ഫോൺ: 2305738

## പത്രക്കുറിപ്പ്

## സേവനങ്ങൾ താൽക്കാലികമായി നിർത്തി

ആലപ്പുഴയിലെ സർവകലാശാല പഠന ഗവേഷണ കേന്ദ്രത്തിൽ നിന്നും വിദ്യാർഥികളുടെ പരാതികളും അപേക്ഷകളും അതാത് ദിവസം സ്കാൻ ചെയ്ത് ഓൺലൈനായി സർവകലാശാല ആസ്ഥാനത്തേക്ക് അയച്ചിരുന്ന സേവനം ചില സാങ്കേതിക കാരണങ്ങളാൽ ഇനി ഒരു അറിയിപ്പ് ഉണ്ടാകുന്നതുവരെ താൽക്കാലികമായി നിർത്തി വച്ചിരിക്കുന്നു.

## ടൈംടേബിൾ

അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ് ബി.എസ്സി സുവോളജി, പോളിമർ കെമിസ്ട്രി (റെഗുലർ 2017 അഡ്മിഷൻ, സപ്ലിമെന്ററി 2014, 2015, 2016 അഡ്മിഷൻ) എന്നീ വിഷയങ്ങളുടെ പ്രാക്ടിക്കൽ പരീക്ഷ യഥാക്രമം 2020 ജനുവരി 13, 16 തീയതികളിൽ ആരംഭിക്കുന്നതാണ്. വിശദവിവരം വെബ്സൈറ്റിൽ.

ഒന്നാം സെമസ്റ്റർ എം.ടെക് (ഫുൾടൈം/ പാർട്ട് ടൈം) മൂന്നാം സെമസ്റ്റർ എം.ടെക് (പാർട്ട് ടൈം) (2013 സ്കീം സപ്ലിമെൻററി) ജനുവരി 2020 ഡിഗ്രി പരീക്ഷയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തിരുവനന്തപുരം പരീക്ഷ കേന്ദ്രമായി അനുവദിച്ചിരിക്കുന്നു. പരീക്ഷാ കേന്ദ്രത്തിൽ നിന്നും ഹാൾ ടിക്കറ്റ് 2020 ജനുവരി 7 ാം തീയതി മുതൽ ലഭ്യമാകും. വിശദവിവരം വെബ്സൈറ്റിൽ.

## സ്പെഷ്യൽ റീ- എക്സാമിനേഷൻ

മൂന്നാം സെമസ്റ്റർ എം.ബി.എ (2014 സ്കീം - ഫുൾടൈം/റെഗുലർ ഈവനിംഗ്/ യു.ഐ.എം/ ട്രാവൽ ആൻഡ് ടൂറിസം ) ഡിഗ്രിയുടെ 3M2- ഇന്റഗ്രേറ്റഡ് മാർക്കറ്റിംഗ് കമ്മ്യൂണിക്കേഷൻ (IMC) എന്ന വിഷയത്തിന്റെ സ്പെഷ്യൽ റീ- എക്സാമിനേഷൻ യു.ഐ.എം വാടയ്ക്കലിൽ 2020 ജനുവരി 7 ന് 1.30 മുതൽ 4.30 വരെ നടത്തുന്നതാണ്. മെയ് 2019 ൽ അപേക്ഷിച്ച 32 വിദ്യാർത്ഥികൾ അന്നത്തെ ഹാൾടിക്കറ്റും മെമ്മോയുമായി പരീക്ഷാകേന്ദ്രത്തിൽ ഹാജരാകേണ്ടതാണ്.

## രജിസ്ട്രേഷൻ ആരംഭിച്ചു

അഞ്ചാം സെമസ്റ്റർ ബി.ടെക് (2008 സ്കീം) സപ്ലിമെന്ററി മാർച്ച് 2020 പരീക്ഷയുടെ രജിസ്ട്രേഷൻ ആരംഭിച്ചു. പിഴകൂടാതെ 2020 ജനുവരി 9 വരെയും 150 രൂപ പിഴയോടുകൂടി ജനുവരി 14 വരെയും 400 രൂപ പിഴയോടുകൂടി ജനുവരി 16 വരെയും ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരം വെബ്സൈറ്റിൽ.

## യോഗ പരിശീലനം

സർവ്വകലാശാല കായിക പഠന വകുപ്പ് സർവ്വകലാശാല സ്റ്റേഡിയത്തിൽ പൊതുജനങ്ങൾക്കായി മാസംതോറും സംഘടിപ്പിച്ചു വരുന്ന യോഗ പരിശീലന പരിപാടിയുടെ ജനുവരി മാസത്തേക്കുള്ള രജിസ്ട്രേഷൻ ആരംഭിച്ചു. അപേക്ഷ ഫോം ജി.വി. രാജ പവലിയനിൽ പ്രവർത്തിക്കുന്ന കായിക പഠന വകുപ്പ് ഓഫീസിൽ നിന്നും ലഭിക്കും. പുതുതായി അംഗത്വമെടുക്കുന്നവരും/ അംഗത്വം പുതുക്കുന്നവരും 2020 ജനുവരി 10-ാം തീയതിക്കു മുമ്പ് ഓഫീസിൽ പണമടച്ച് രജിസ്ട്രേഷൻ ഉറപ്പാക്കേണ്ടതാണ്. വിശദ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക. ഫോൺ: 8921507832, 0471-2306485

## സർട്ടിഫിക്കറ്റ് കോഴ്സിലേക്ക്

സർവകലാശാലയിലെ സെന്റർ ഫോർ ഇംഗ്ലീഷ് ലാംഗേജ് ടീച്ചിംഗ് സംഘടിപ്പിച്ച ഇംഗ്ലീഷ് ആശയവിനിമയവികസനത്തിനുള്ള ഹ്രസ്വകാല സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. ചേരാൻ ആഗ്രഹിക്കുന്നവർ മേജർ ഹെഡ് 49 ( യു ) പ്രകാരം കേരള യൂണിവേഴ്സിറ്റി ഫണ്ടിലേക്ക് അടച്ച 2625/- രൂപ ഫീസ് രസീത് സഹിതം അപേക്ഷ സമർപ്പിക്കണം. ഏതെങ്കിലും അംഗീകൃത സർവകലാശാല ബിരുദമാണ് യോഗ്യത. അപേക്ഷ ഫോം യൂണിവേഴ്സിറ്റി വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യുകയോ സെന്റർ ഫോർ ഇംഗ്ലീഷ് ലാംഗേ ജിൽ നിന്നും കൈപ്പറ്റുകയോ ചെയ്യാം. അപേക്ഷകൾ സെന്റർ ഫോർ ഇംഗ്ലീഷ് ലാംഗേജ് ,ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ് ബിൽഡിംഗ്സ് കേരള സർവകലാശാല, പാളയം, സെനറ്റ് കാമ്പസ്, തിരുവനന്തപുരം- 34 എന്ന മേൽവിലാസത്തിൽ അയക്കേണ്ടതാണ്. അപേക്ഷകൾ ലഭിക്കേണ്ട അവസാന തീയതി 2020 ജനുവരി 2 വരെ ദീർഘിപ്പിച്ചിരിക്കുന്നു.

പബ്ലിക് റിലേഷൻസ് ഓഫീസർ

**തിരുവനന്തപുരം.**
31.12.2019